15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - 1998-ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ശ്രീ. കെ. ജയചന്ദ്രൻ നഗരസഭയിൽ ഒടുക്കിയ തുകയിൽ നിന്നും 4,72,350/- രൂപ റീ ഫണ്ട് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 657/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 04/03/2021

---

പരാമർശം :
1. WP(C)No. 21058/2020 നമ്പർ കേസിലെ ബഹു. ഹൈക്കോടതിയുടെ 20/10/2020 തീയതിയിലെ വിധിന്യായം.
2. 09/11/2020 തീയതിയിൽ ചേർന്ന ആലുവ നഗരസഭാ കൗൺസിൽ യോഗത്തിലെ തീരുമാനം നമ്പർ 4.
3. 20/02/2021 തീയതിയിൽ ചേർന്ന ആലുവ നഗരസഭാ കൗൺസിൽ യോഗത്തിലെ തീരുമാനം നമ്പർ 2.
4. നഗരകാര്യ ഡയറക്ടറുടെ 21/02/2021 തീയതിയിലെ G2-18648/2019 നമ്പർ കത്ത്.

**ഉത്തരവ്**

2020 ലെ ശിവരാത്രിയോടനുബന്ധിച്ച് ആലുവ മണപ്പുറത്ത് വിനോദ പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള കുത്തകാവകാശം ശ്രീ. കെ. ജയചന്ദ്രൻ, ന്യൂ ഗോൾഡൻ അമ്യൂസ്മെന്റ്, കോഴിക്കോട് എന്ന വ്യക്തിക്ക് അനുവദിക്കുകയും ടിയാൻ 16,00,000/- രൂപ (പതിനാറ് ലക്ഷം രൂപ മാത്രം) ആലുവ നഗരസഭയിൽ ഒടുക്കുകയും ചെയ്തു. 21/02/2020 മുതൽ ഒരു മാസകാലത്തേയ്ക്കാണ് വിനോദ പരിപാടികൾക്ക് അനുമതി നൽകിയിരുന്നത്. എന്നാൽ കൊവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ശിവരാത്രി മഹോത്സവം 12/03/2020-ൽ നിർത്തിവെച്ചു. തുടർന്ന് ഒടുക്കിയ തുകയിൽ ഇളവ് ലഭിക്കുന്നതിനായി ശ്രീ. കെ. ജയചന്ദ്രൻ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും, പരാമർശം 1 പ്രകാരം രണ്ടാഴ്ചയ്ക്കകം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് ബഹു. ഹൈക്കോടതി നിർദ്ദേശം നൽകുകയും ചെയ്തു.

2) 1998-ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ശ്രീ. കെ. ജയചന്ദ്രൻ ഒടുക്കിയ തുകയിൽ ഇളവനുവദിക്കുന്ന വിഷയത്തിൽ സർക്കാരിലേക്ക് കത്തയക്കുവാൻ പരാമർശം 2 പ്രകാരം ആലുവ നഗരസഭാ കൗൺസിൽ യോഗം തീരുമാനിച്ചു. എന്നാൽ എത്ര തുക റീഫണ്ട് നൽകണമെന്ന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ, പരാമർശം 3 പ്രകാരം 4,72,350/- രൂപ ശ്രീ. കെ. ജയചന്ദ്രന് റീ ഫണ്ട് അനുവദിക്കുന്നതിനായി സർക്കാരിലേക്ക് കത്തയക്കുവാൻ തീരുമാനിച്ചു. തുടർന്ന്, ശ്രീ. കെ. ജയചന്ദ്രൻ ആലുവ നഗരസഭയിൽ ഒടുക്കിയ തുകയിൽ നിന്നും 4,72,350/- രൂപ റീ ഫണ്ട് അനുവദിക്കുന്നതിന് 1998 - ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിസ്തിളവ്

അനുവദിക്കൽ) ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം സർക്കാർ അനുമതി ലഭ്യമാക്കുന്നതിനായി നഗരകാര്യ ഡയറക്ടർ പരാമർശം 4 പ്രകാരം രേഖകൾ സർക്കാരിൽ സമർപ്പിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 വിധിന്യായം പാലിക്കുന്നതിനായി, പരാമർശം 3 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1998- ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം, ശ്രീ. കെ. ജയചന്ദ്രൻ, ന്യൂ ഗോൾഡൻ അമ്യൂസ്മെന്റ്, കോഴിക്കോട് എന്ന വ്യക്തി ആലുവ നഗരസഭയിൽ ഒടുക്കിയ ആകെ തുകയിൽ നിന്നും 4,72,350/- രൂപ (നാല് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി മുന്നൂറ്റി അൻപത് രൂപ മാത്രം) റീ ഫണ്ട് നൽകുന്നതിന് ആലുവ നഗരസഭാ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ.എ.എസ്**

അഡീഷണൽ ചീഫ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ആലുവ നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. LSGD- RC2/ 62/ 2021- LSGD)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ